©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

10280
8/10/14

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2014 ആഗസ്റ്റ് 18<br>18th August 2014<br>1190 ചിങ്ങം 2<br>2nd Chingam 1190<br>1936 ശ്രാവണം 27<br>27th Sravana 1936 | നമ്പർ<br>No. 2079 |

## കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 236/14/ആ.കു.വ. *തിരുവനന്തപുരം, 2014 ആഗസ്റ്റ് 2.*

**എസ്. ആർ. ഒ. നമ്പർ 486/2014.**—2012-ലെ കേരള സംസ്ഥാന സേവന അവകാശ ആക്ടിലെ (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ ആരോഗ്യകുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള വിവിധ കാര്യാലയങ്ങളിലെയും സ്ഥാപനങ്ങളിലെയും സേവനങ്ങൾ സംബന്ധിച്ച് 2013 ഏപ്രിൽ 16-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 138/2013/ആ.കു.വ. എന്ന സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതും 2013 ഏപ്രിൽ 18-ാം തീയതിയിലെ 1115-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 320/2013 നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം ഇനി പറയുംപ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

33/3461/2014/S-20.

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ,—

1. "1. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്" എന്ന ശീർഷകത്തിൽ ക്രമനമ്പർ 14-നും അതിനെതിരെയുള്ള (2) മുതൽ (6) വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ക്രമനമ്പറുകളും അവയ്ക്കെതിരെയുള്ള ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | | | | | |
|---|---|---|---|---|---|
| "15 | വയസ് തെളിയിക്കുന്ന സാക്ഷ്യപത്രം | 3 | ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ | ആശുപത്രി മേലധികാരി | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ (ഭരണ നിർവ്വഹണം) |
| 16 | ചികിത്സാ സാക്ഷ്യപത്രം | 30 | ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ/ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ (ഭരണ നിർവ്വഹണം) | ജില്ലാ മെഡിക്കൽ ആഫീസർ |
| 17 | പ്രസവം രേഖപ്പെടുത്തുന്ന രജിസ്റ്റർ/മരണ രജിസ്റ്റർ എന്നിവയിലെ തിരുത്തൽ | (എ) പ്രസവ രജിസ്റ്ററിലെ പേരും വിലാസവും തിരുത്തൽ-15 (ബി) ജനന മരണ രജിസ്റ്റർ തിരുത്തൽ-7 | മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്/ ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ (ഭരണ നിർവ്വഹണം) | ജില്ലാ മെഡിക്കൽ ആഫീസർ |

| | | | | | |
|---|---|---|---|---|---|
| 18 | യോഗ്യതാ സാക്ഷ്യപത്രത്തിന്റെ മേലൊപ്പ് | 30 | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ (ഭരണ നിർവ്വഹണം) | ജില്ലാ മെഡിക്കൽ ആഫീസർ | ആരോഗ്യ വകുപ്പ് ഡയറക്ടർ |
| 19 | പ്രവൃത്തി പരിചയ സാക്ഷ്യപത്രത്തിന്റെ മേലൊപ്പ് | 30 | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ (ഭരണ നിർവ്വഹണം) | ജില്ലാ മെഡിക്കൽ ആഫീസർ | ആരോഗ്യ വകുപ്പ് ഡയറക്ടർ |
| 20 | മദ്യപ അവസ്ഥയുടെ സാക്ഷ്യപത്രം | 3 | ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ | ആശുപത്രി സൂപ്രണ്ട് | ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ (ഭരണ നിർവ്വഹണം) |
| 21 | പ്രതിരോധ ചികിത്സാ സാക്ഷ്യപത്രം | 3 | ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ | ആശുപത്രി സൂപ്രണ്ട് | ആർ. സി. എച്ച്. ആഫീസർ |
| 22 | (എ) ആശുപത്രി വിടുതലിന്റെ സാക്ഷ്യപത്രം | 12 മണിക്കൂർ | ചികിത്സിച്ച ഡോക്ടർ | ആശുപത്രി സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ആഫീസർ |
| | (ബി) മരണ കാരണത്തിന്റെ സാക്ഷ്യപത്രം | ,, | ,, | ,, | ,, |
| | (സി) ചികിത്സാ സംഗ്രഹം | 7 | ,, | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 23 | അർബുദ/ക്ഷയരോഗികൾക്ക് ധനസഹായത്തിനുള്ള സാക്ഷ്യപത്രം | 7 | മെഡിക്കൽ ആഫീസർ | ആശുപത്രി സൂപ്രണ്ട്/ മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ്/ഡെപ്യൂട്ടി ജില്ലാ, മെഡിക്കൽ ആഫീസർ | ജില്ലാ മെഡിക്കൽ ആഫീസർ |
| 24 | വന്ധീകരണ ശസ്ത്രക്രിയാ പരാജയത്തിന്റെ നഷ്ടപരിഹാരം | 90 | ആർ.സി.എച്ച്. ആഫീസർ | ജില്ലാ മെഡിക്കൽ ആഫീസർ | ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു.) |
| 25 | വന്ധീകരണ ശസ്ത്രക്രിയാ മരണത്തിനുള്ള നഷ്ടപരിഹാരം | | | | |
| | (എ) അടിയന്തിര നഷ്ടപരിഹാരം | 1 | ആശുപത്രി സൂപ്രണ്ട്/ മെഡിക്കൽ ആഫീസർ ഇൻ-ചാർജ്ജ് | ആർ.സി.എച്ച്. ആഫീസർ | ജില്ലാ മെഡിക്കൽ ആഫീസർ |
| | (ബി) ശിഷ്ട നഷ്ട പരിഹാരം | 90 | ആർ.സി.എച്ച്. ആഫീസർ | ജില്ലാ മെഡിക്കൽ ആഫീസർ | ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു.) |
| 26 | വന്ധീകരണ ശസ്ത്രക്രിയാ സങ്കീർണ്ണതകൾക്കുള്ള നഷ്ടപരിഹാരം | 90 | ആർ.സി.എച്ച്. ആഫീസർ | ജില്ലാ മെഡിക്കൽ ആഫീസർ | ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (എഫ്.ഡബ്ല്യു.) |

| | | | | | |
|---|---|---|---|---|---|
| 27 | മെഡിക്കോ-ലീഗൽ സർട്ടിഫിക്കറ്റുകളുടെ വ്യക്തിഗത പകർപ്പ് | 30 | ബന്ധപ്പെട്ട മെഡിക്കൽ ആഫീസർ | ജില്ലാ മെഡിക്കൽ ആഫീസർ | ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)"; |

2. "4. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, തൃശ്ശൂർ" എന്ന ശീർഷകത്തിൽ,—

(i) ക്രമനമ്പർ 1-നെതിരെ,—

(എ) (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—
"90";

(ബി) (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—
"പ്രോ-വൈസ്-ചാൻസലർ";

(ii) ക്രമനമ്പർ 2-നെതിരെ, (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"പ്രോ-വൈസ്-ചാൻസലർ";

(iii) ക്രമനമ്പർ 3-നെതിരെ, (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"പ്രോ-വൈസ്-ചാൻസലർ";

(iv) ക്രമനമ്പർ 4-നെതിരെ,—

(എ) (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—
"90";

(ബി) (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—
"പ്രോ-വൈസ്-ചാൻസലർ";

(v) ക്രമനമ്പർ 5-നെതിരെ, (2) മുതൽ (6) വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കു പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"5 പരീക്ഷാഫലം"

| | | | | |
|---|---|---|---|---|
| (എ) ബി.എസ്.സി. നഴ്സിംഗ് ഒഴികെയുള്ള കോഴ്സുകൾ | 90 | അസിസ്റ്റന്റ് രജിസ്ട്രാർ (എക്സാം) | പരീക്ഷാ കൺട്രോളർ | പ്രോ-വൈസ് ചാൻസലർ |
| (ബി) ബി.എസ്.സി. നഴ്സിംഗ് | 120 | അസിസ്റ്റന്റ് രജിസ്ട്രാർ (എക്സാം) | പരീക്ഷാ കൺട്രോളർ | പ്രോ-വൈസ് ചാൻസലർ"; |

(vi) ക്രമനമ്പർ 6-നെതിരെ, (4) മുതൽ (6) വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കു പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "അസിസ്റ്റന്റ് രജിസ്ട്രാർ (എക്സാം) | രജിസ്ട്രാർ | പ്രോ-വൈസ് ചാൻസലർ"; |

(vii) ക്രമനമ്പർ 7-നെതിരെ, (4) മുതൽ (6) വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കു പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "അസിസ്റ്റന്റ് രജിസ്ട്രാർ (എക്സാം) | രജിസ്ട്രാർ | പ്രോ-വൈസ് ചാൻസലർ"; |

(viii) ക്രമനമ്പർ 8-നെതിരെ, (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"വൈസ്-ചാൻസലർ";

(ix) ക്രമനമ്പർ 9-നെതിരെ, (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"വൈസ്-ചാൻസലർ";

(x) ക്രമനമ്പർ 10-നെതിരെ, (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"വൈസ്-ചാൻസലർ";

3. “10. ഭാരതീയ ചികിത്സാ വകുപ്പ്” എന്ന ശീർഷകത്തിൽ,— ക്രമനമ്പർ 1-നെതിരെ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പിനുപകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ഇന്റേൺഷിപ്പ് അനുവദിച്ചു നൽകൽ”;

4. “12. കേരള പാരാമെഡിക്കൽ കൗൺസിൽ” എന്ന ശീർഷകത്തിൽ,—

(i) ക്രമനമ്പർ 1-നെതിരെ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“90”;

(ii) ക്രമനമ്പർ 2-നെതിരെ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“90”;

(iii) ക്രമനമ്പർ 4-നെതിരെ,—

(എ) (4)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/ജോയിന്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ (ജനറൽ)”;

(ബി) (5)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“സെക്രട്ടറി”;

(സി) (6)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ചെയർമാൻ, പാരാമെഡിക്കൽ കൗൺസിൽ”;

5. “17. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ആരോഗ്യ ഭവൻ)” എന്ന ശീർഷകത്തിൽ ക്രമനമ്പർ 1-നെതിരെ, (2)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“പാരാമെഡിക്കൽ മാർക്ക് ലിസ്റ്റ്”;

6. “18. ഗവൺമെന്റ് ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ” എന്ന ശീർഷകം വിട്ടുകളയേണ്ടതും അതിനു താഴെയുള്ള (1) മുതൽ (6) വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്ക് പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം ചേർക്കേണ്ടതുമാണ്, അതായത്:—

| | | | | | |
|---|---|---|---|---|---|
| "5 | ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് | 7 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, (ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ)/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ആയുർവ്വേദ കോളേജ്, കണ്ണൂർ | പ്രിൻസിപ്പൽ | ഡയറക്ടർ |
| 6 | കോണ്ടക്ട് സർട്ടിഫിക്കറ്റ് | 7 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ)/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ആയുർവ്വേദ കോളേജ്, കണ്ണൂർ | പ്രിൻസിപ്പൽ | ഡയറക്ടർ |
| 7 | കോഴ്സ് സർട്ടിഫിക്കറ്റുകൾ | 7 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, (ആയുർവ്വേദ കോളേജ്, തിരുവനന്തപുരം/ തൃപ്പൂണിത്തുറ)/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ആയുർവ്വേദ കോളേജ്, കണ്ണൂർ | പ്രിൻസിപ്പൽ | ഡയറക്ടർ"; |

33/3461/2014/S-20.

7. "19. ഗവൺമെന്റ് ആയുർവ്വേദ കോളേജ്, ഹോസ്പിറ്റൽസ്, തിരുവനന്തപുരം/തൃപ്പൂണിത്തുറ/കണ്ണൂർ" എന്ന ശീർഷകവും അതിനു താഴെയുള്ള (1) മുതൽ (6) വരെ കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

8. "20. റീജിയണൽ കാൻസർ സെന്റർ" എന്ന ശീർഷകത്തിലെ "20" എന്ന അക്കത്തിന് പകരം "18" എന്ന അക്കം ചേർക്കേണ്ടതാണ്;

9. "21. തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ" എന്ന ശീർഷകത്തിലെ "21" എന്ന അക്കത്തിന് പകരം "19" എന്ന അക്കം ചേർക്കേണ്ടതാണ്;

10 "22. കേരള ദന്തൽ കൗൺസിൽ" എന്ന ശീർഷകത്തിലെ "22" എന്ന അക്കത്തിന് പകരം "20" എന്ന അക്കം ചേർക്കേണ്ടതും ഇപ്രകാരം ഭേദഗതി വരുത്തിയ ശീർഷകത്തിനും അതിനു താഴെയുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം താഴെപ്പറയുന്ന ശീർഷകവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതുമാണ്, അതായത്:—

"21 കേരള ഹോമിയോപ്പതി വകുപ്പ്

| | | | | |
|---|---|---|---|---|
| 1. ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് | 5 | ആശുപത്രി സൂപ്രണ്ട് | ജില്ലാ മെഡിക്കൽ ഓഫീസർ | ഡെപ്യൂട്ടി ഡയറക്ടർ |
| 2. മെഡിക്കൽ ബോർഡ് പരിശോധന | 15 | ജില്ലാ മെഡിക്കൽ ഓഫീസർ | ഡെപ്യൂട്ടി ഡയറക്ടർ | ഡയറക്ടർ |
| 3. മെഡിക്കൽ സർട്ടിഫിക്കറ്റ്/ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് | 5 | മെഡിക്കൽ ഓഫീസർ | ജില്ലാ മെഡിക്കൽ ഓഫീസർ | ഡെപ്യൂട്ടി ഡയറക്ടർ". |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. കെ. ഇളങ്കോവൻ,

*ഗവൺമെന്റ് സെക്രട്ടറി.*

# വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിലെ (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻ കീഴിലുള്ള വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും സേവനം സംബന്ധിച്ചും പ്രസ്തുത സേവനം ഉറപ്പുവരുത്തുന്നതിന് നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, കാലാവധി എന്നിവ സംബന്ധിച്ചും 2013 ഏപ്രിൽ 16-ാം തീയതിയിലെ സ. ഉ. (പി) നമ്പർ 138/2013/ആ.കു.വ. നമ്പർ ഉത്തരവിൻ കീഴിൽ 2013 ഏപ്രിൽ 18-ാം തീയതിയിലെ 1115-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 320/2013 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻകീഴിലുള്ള ചില സ്ഥാപനങ്ങൾ അവർ നൽകുന്ന സേവനങ്ങൾ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതിനും ചില സ്ഥാപനങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ ഏതാനും ഭേദഗതികൾ വരുത്തുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ പരിശോധിക്കുകയും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നതിനായി മുകളിൽ പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.